# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## ദൈവം പ്രവർത്തിച്ച ഒരത്ഭുതം



എല്ലാവരുടെയും ഹൃദയത്തെ സ്പർശിക്കുന്ന ജീവിത രീതികളും, സ്വഭാവഗുണങ്ങളും പാപ്പയിൽ നിറഞ്ഞുനിൽക്കുന്നു.

ജനനം : 17-12-1936
ആദ്യവ്രതം : 17-03-1960
പൗരോഹിത്യം : 13-12-1969
നിത്യവ്രതം : 22-04-1973
മെത്രാൻ പട്ടം : 27-06-1992
കർദ്ദിനാൾ : 21-02-2001
പാപ്പാ-തിരഞ്ഞെടുപ്പ് : 13-03-2013
പാപ്പാ-സ്ഥാനാരോഹണം : 19-03-2013



മാർപാപ്പായുടെ കുടുബം:
മാരിയോ ബെർഗോളിയോ (പിതാവ്)
റജീനാ (മാതാവ്)
ഹോർഹെ, അൽബെർത്തോ,
ഓസ്ക്കാർ, മാർത്താ, എലേന

പാപ്പായുടെ ഏതാനും വാക്കുകൾ

2013, മാർച്ച് 14
വാതിൽ തുറന്നിട്ടേക്കൂ. അവരൊക്കെ പള്ളിയിലേയ്ക്ക് വന്നോട്ടെ. ഞാനും അവരെപ്പോലെ ഒരു തീർത്ഥാടകനാണ്.

2013, മാർച്ച് 13
ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നതിനു മുൻപ് ദൈവം എന്നെ ആശീർവ്വദിക്കാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

2013, മാർച്ച് 07
സഭ ഉള്ളിലേക്കു പിൻവലിയുന്നത് അപകടകരമാണ്. മറിച്ച് സമൂഹത്തിന്റെ പുറമ്പോക്കുകളിലേക്കാണ് സഭ നീങ്ങേണ്ടത്.

1969, ഡിസംബർ 31
കാത്തിരിക്കുന്ന ഹൃദയത്തിന് ദൈവം നൽകുന്ന ക്ഷണമാണ് ദൈവവിളി. യേശുമത്തായിയെ വിളിക്കുന്ന രംഗം എന്നെ ഏറെ ആകർഷിച്ചിട്ടുണ്ട്. യേശു അവന് കാരുണ്യം കൊടുത്ത് അവനെ സ്വന്തമാക്കുകയായിരുന്നു. അതു തന്നെയാണ്എന്റെ കാര്യത്തിലും സംഭവിച്ചത് സെപ്റ്റംബർ 21 ന്.

ബെർഗോളിയോ 1969 ഡയറിയിൽ നിന്ന്
മറ്റുള്ളവർ നല്ലവരാണെന്നും അതിനാൽ അവരെ സ്നേഹിക്കണമെന്നും ഞാൻ വിശ്വസിക്കുന്നു. വേനൽ രാത്രിപോലെ സുന്ദരവും സ്വീകാര്യവുമായ ദൈവത്തിന്റെ ക്ഷമയിലും

ഞാൻ വിശ്വസിക്കുന്നു.

2013, മാർച്ച് 14

നമ്മൾ അൽമായരാകാം, വൈദികരാകാം, മെത്രാൻമാരാകാം, മാർപാപ്പയാകാം. ആരുമാകട്ടെ. കുരിശു വഹിക്കാതെ നാം യാത്ര ചെയ്താൽ, കുരിശില്ലാതെ നാം കെട്ടിപ്പടുത്താൽ, കുരിശില്ലാതെ നാം ക്രിസ്തുവിനെ പ്രഘോഷിച്ചാൽ, നാം ക്രിസ്തുശിഷ്യരാകുകയില്ല. വെറും ലൗകായികർ മാത്രമേ ആകുകയുള്ളൂ. കുറ്റമറ്റവരായി ജീവിക്കാൻ പരിശ്രമിച്ചുകൊണ്ട്, ദൈവതിരുമുമ്പിലും ദൈവിക പ്രകാശത്തിലും നമ്മുക്ക് യാത്ര ചെയ്യാം.



ജീവിതം കൊണ്ട് സന്ദേശം നല്കുന്ന ഫ്രാൻസിസ് പാപ്പ...എത്ര വലിയ നിലയിലെത്തിയാലും എത്ര തിരക്കുള്ളവരയാലും ആവുന്ന കാര്യങ്ങൾ സ്വയം ചെയാൻ നമുക്കെല്ലാവർക്കും പ്രചോദനമാകട്ടെ പാപ്പയുടെ എളിമയുടെ ഈ പ്രവർത്തി...